ഇതിൽ ശ്രീമതി ഹരിത എസ്. കുറുപ്പ് നിയമനം സ്വീകരിക്കാതിരുന്നതുമൂലം ഉണ്ടായ ഒഴിവു നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ യാത്രബത്ത

131 [414] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റഷ്യയിൽ നടന്ന ലോക പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ദേശീയ ചാമ്പ്യനും, ഏഷ്യൻ ചാമ്പ്യനും അന്തർ ദേശീയ സ്വർണ്ണ മെഡൽ ജേതാവുമായ തേവര എസ്. എച്ച്. കോളേജിലെ വിദ്യാർത്ഥി ശ്രീ. അജിത് എൽ. ഡെന്നീസ് യാത്രാച്ചെലവിനുവേണ്ടി സംസ്ഥാന സർക്കാരിനേയോ കേരളാ സ്പോർട്സ് കൗൺസിലിനേയോ സമീപിച്ചിരുന്നോ; എങ്കിൽ യാത്രാച്ചെലവ് നൽകാതിരിക്കാൻ കാരണമെന്ത്;

(ബി) ഇത്തരത്തിൽ ഭൂഖണ്ഡാടിസ്ഥാനത്തിലും അന്തർദേശീയാടിസ്ഥാനത്തിലും ഉള്ള മത്സരങ്ങളിൽ പങ്കെടുക്കേണ്ടി വരുന്ന കായികതാരങ്ങൾക്ക് യാത്രചെലവും മറ്റും നൽകുന്നതിന് ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ തയ്യാറാകുമോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. അജിത് എൽ. ഡെന്നീസിന്റെ അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം

132 [415] എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു എന്നറിയിക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര സ്പോർട്സ് ഹോസ്റ്റലുകൾ സംസ്ഥാന സർക്കാരിന്റെയോ, സ്പോർട്സ് കൗൺസിലിന്റെയോ ആഭിമുഖ്യത്തിൽ നടന്നു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു;

(ഡി) കഴക്കൂട്ടം നിയോജക മണ്ഡലത്തിന്റെ അതിർത്തിക്കുള്ളിൽ സ്പോർട്സ് ഹോസ്റ്റൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെ എന്നും, എന്നു മുതൽ പ്രവർത്തനം ആരംഭിച്ചുവെന്നും, പ്രസ്തുത ഹോസ്റ്റലിലെ അന്തേവാസികൾ എത് സ്പോർട്സ് സ്ഥാപനങ്ങളിലുള്ളവരാണെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly